പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2627 10.12.2014-ൽ മറുപടിക്ക്

## സർക്കാർ - സ്വകാര്യ ഡോക്ടർമാർ നടത്തുന്ന ക്രമവിരുദ്ധ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.എസ്.സലീഖ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ആരോഗ്യത്തിന് ഹാനികരമാംവിധം ആവശ്യമില്ലാത്ത മരുന്നുകൾ നിർദ്ദേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കാമോ;<br><br>(ബി) പാർശ്വഫലം പരിഗണിക്കാതെയുള്ള മരുന്നുകളും ആവശ്യമില്ലാതെ ആന്റിബയോട്ടിക്കുകളും വിലകൂടിയ വിറ്റാമിൻ ഗുളികകളും മരുന്നു കമ്പനികളുടെ കമ്മീഷൻ വാങ്ങാനായി മാത്രം ഡോക്ടർമാർ കുറിച്ചു നൽകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ;<br><br>(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു എന്നും ഇവ തടയുവാൻ ഡോക്ടർമാർക്ക് എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ: | (എ), (ബി) & (സി) ഇപ്രകാരം വ്യാപകമായി ഒരവസ്ഥ നിലവിലുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട ഒരു സംഭവം റിപ്പോർട്ട് ചെയ്തിട്ടുള്ളതിൻമേൽ താഴെപ്പറയും പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്:<br><br>മലപ്പുറം നിലമ്പൂർ താലൂക്ക് ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) ഡോ.ഷിനാസ് ബാബു, ഇൻജക്ഷൻ ലാക്ടം എസ്.ബി എന്ന മരുന്ന് വിപണിയിൽ ഇറക്കുന്ന "ലെനക്" കമ്പനിയുമായി ഒത്തുചേർന്ന് സാമ്പത്തിക നേട്ടത്തിനു വേണ്ടി അനാവശ്യമായി മരുന്നുകൾ എഴുതുന്നതായും പ്രൊപ്പഗാന്റ മെഡിസിൻ നിർദ്ദേശിക്കുന്ന തായും വ്യാപകമായി പരാതി ഉയർന്നിരുന്നു. ടി ഡോക്ടർ ഇപ്പോൾ സസ്പെൻഷനിലാണ്. ടി ഡോക്ടർക്കെതിരെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി വരികയാണ്.<br><br>ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കുവാൻ മരുന്നുകൾ കുറിച്ചു നൽകുമ്പോൾ ജനറിക് പേരുകൾ മാത്രം കുറിച്ച് നൽകണമെന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. |

(ഡി) മറ്റുള്ള ആൾക്കാരെ കൊണ്ട് മരുന്ന് വിതരണം നടത്തുന്നവരായും മറ്റ് ലൈൻസൻസികളുടെ പേരിൽ മെഡിക്കൽ ഷോപ്പുകൾ നടത്തുന്നവരായും കണ്ടെത്തിയ എത്ര ഡോക്ടർമാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ; അവർ ആരെല്ലാം;

(ഡി) പാലക്കാട് ജില്ലയിലെ കൊപ്പം സി.എച്ച്.സി-യിലെ അസിസ്റ്റന്റ് സർജനായ ഡോ.പി.ഉബൈദുള്ള അദ്ദേഹത്തിന്റെ ഭാര്യയും തിരുവേഗപ്പുറം പി.എച്ച്.സി-യിലെ അസിസ്റ്റന്റ് സർജനായ ഡോ.ആശ ജലാൽ എന്നിവർക്കെതിരെ അവർ താമസിക്കുന്ന വസതിയിൽ മരുന്നുകൾ വാങ്ങി സൂക്ഷിച്ചതിനും അവിടെ എത്തുന്ന രോഗികൾക്ക് മരുന്നുനൽകി വില ഈടാക്കിയതിനും നിശ്ചിത യോഗ്യതയില്ലാത്ത ജീവനക്കാരനെ രോഗികൾക്ക് മരുന്നു നൽകുന്നതിന് നിയോഗിച്ചതിനും ഡ്രഗ്സ് കൺട്രോൾ നിയമങ്ങൾ ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലാ ആശുപത്രിയിലെ നേത്രരോഗ വിദഗ്ധനായ ഡോ.എ.രോഹൻ ത്വക്ക്രോഗ വിദഗ്ധയായ ഭാര്യ ഡോ.തുലിക രോഹന്റെ പേരിൽ കണ്ണടക്കടയും ലൈസൻസില്ലാതെ മെഡിക്കൽ സ്റ്റോറും നടത്തുന്നത് കണ്ടെത്തുകയുണ്ടായി. ഇപ്രകാരം കണ്ണടക്കടയും മെഡിക്കൽ സ്റ്റോറും നടത്തുന്നത് ഒഴിവാക്കാൻ ഡോ.രോഹന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഒരു രോഗവുമായി ഡോക്ടറെ കാണുമ്പോൾ സമാന സ്വഭാവമുള്ള ഒന്നിലേറെ രോഗങ്ങൾക്ക് മരുന്നു നൽകുന്ന രീതി സംസ്ഥാനത്ത് പല ഡോക്ടർമാരും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇത്തരം പരാതികൾ ലഭിച്ചിട്ടില്ല.

(എഫ്) ആരോഗ്യവകുപ്പിന്റെ നട്ടെല്ലായ ഡോക്ടർമാർ നടത്തുന്ന ഇത്തരം ക്രമവിരുദ്ധ പ്രവർത്തനം നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എഫ്) ആരോഗ്യ വകുപ്പ് തലത്തിൽ ഇത്തരം പരാതികൾ ലഭിച്ചാൽ ആരോഗ്യ വകുപ്പിന്റെ സംസ്ഥാന വിജിലൻസ് വിഭാഗവും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലും അന്വേഷണം നടത്തുകയും നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്.

Sobha

സെക്ഷൻ ഓഫീസർ